# അനുസരണക്കേടിന്റെ ഫലം

ഒരു വീട്ടിൽ രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. ലുട്ടുവും കുട്ടുവും.ലുട്ടു നല്ല അനുസരണയുളവനും കുട്ടു കുസൃതിയും ആയിരുന്നു.

ഒരു ദിവസം അമ്മ രണ്ടു പേരേയും വിളിച്ച് അടുത്തിരുത്തി. എന്നിട്ട് പറഞ്ഞു, "കുട്ടികളേ നല്ല ആരോഗ്യം ഉണ്ടാവണമെങ്കിൽ ശുചിത്വം പാലിക്കണം.അതിന് നിങ്ങൾ ഞാൻ പറയുന്നത് അനുസരിക്കണം. എല്ലാ ദിവസവും രാവിലെ ഉണർന്ന ഉടൻ പല്ലു തേക്കുകയും കുളിക്കുകയും ചെയ്യണം. ഭക്ഷണം കഴിക്കുന്നതിനു മുൻപും ശേഷവും കൈയും വായും കഴുകണം. പുറത്തു പോയിവന്നാൽ കയ്യും കാലും മുഖവും വൃത്തിയാക്കണം. പഴകിയതും അഴുക്കു പറ്റിയതുമായ ഭക്ഷണം കഴിക്കരുത് ".

ലുട്ടു അമ്മ പറഞ്ഞതെല്ലാം അതുപോലെ അനുസരിച്ചു. പക്ഷെ കുസൃതിയായ കുട്ടു ഇടക്ക് അത് മറന്നു പോകും.

ഒരു ദിവസം അവർ പുറത്ത് കളിക്കുകയായിരുന്നു. അപ്പോഴാണ് അമ്മ നല്ല പഴുത്ത മാങ്ങ മുറിക്കുന്നത് കുട്ടു കണ്ടത്. അതു കണ്ട് കുട്ടു കളി നിർത്തി മാങ്ങ കഴിക്കാനായി ഓടി. "കൈ കഴുകാതെ ഒന്നും കഴിക്കരുതെന്ന് അമ്മ പറഞ്ഞിട്ടില്ലേ".ലുട്ടു ചോദിച്ചു. കുട്ടു പക്ഷേ അമ്മയും ലുട്ടുവും പറഞ്ഞതു കേൾക്കാതെ ചളിയുള്ള കൈകൊണ്ട് മാങ്ങ കഴിച്ചു.

കുറച്ചു സമയം കഴിഞ്ഞപ്പേൾ വയറു വേദനിച്ചിട്ട് അവൻ കരയാൻ തുടങ്ങി. അമ്മ അവനെ വഴക്കു പറഞ്ഞു. അമ്മ പറഞ്ഞത് കേട്ടാൽ മതിയായിരുന്നു എന്ന് അവൻ വിചാരിച്ചു. പിന്നീട് ഒരിക്കലും അവൻ അനുസരണക്കേട് കാണിച്ചിട്ടില്ല.

ശ്രീവാസ്.എൻ
1A
G.L.P.S Palappetta